കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വലിയപറമ്പ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2018-2019

### ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

**e-mail: doksd.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-9/40/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.
പിൻ -671123, ഫോൺ നം.0499 4256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 05-02-2020.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്.

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന),
വലിയപറമ്പ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : വലിയപറമ്പ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം1, 2 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് **ഓൺലൈനായി** അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

<u>പകർപ്പ് :</u>
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി 9/40/2020. തിയ്യതി:05.02.2020.

# <u>കാസർഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് **01-04-2018** മുതൽ **31-03-2019** വരെ വിവിധ ഇനങ്ങളിലായി

നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒരെണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും , സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. പി.കെ .ഉണ്ണി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23-12-2019മുതൽ 31-12 -2019വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ.പി.കിരൺദാസ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സുനിൽകുമാർ.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.രമ്യ.ടി | ഓഡിറ്റർ |
| ശ്രീമതി.ബിന്ദു.വി.വി | ഓഡിറ്റർ |

**നിർവഹണാധികാരികൾ**

| നിർവ്വഹണാധികാരി | പേര് | കാലയളവ് (1-4-2018 മുതൽ 31-3-2019 വരെ) |
|---|---|---|
| പ്രസിഡണ്ട് | എം ടി അബ്ദുൾ ജബ്ബാർ | 1-4-2018 മുതൽ 31-3-2019 വരെ |
| സെക്രട്ടറി | രാഹുൽ രാമചന്ദ്രൻ | 01/04/2018 മുതൽ 30/06/2018FN വരെ |
| | അനിൽ കുമാർ എൻ എം | 30/06/2018ANമുതൽ31/03/2019 വരെ |

**നിർവഹണ ഉദ്യോഗസ്ഥർ (01-04-2018മുതൽ 31-03-2019 വരെ )**

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| | | | |

| | | | |
|---|---|---|---|
| അസി.എഞ്ചിനീയർ | വഹീദ കെ | 01/04/2018 | 31/03/2019 |
| കൃഷി ഓഫീസർ | സന്തോഷ് ചാലിൽ | 01/04/2018 | 31/03/2019 |
| വി.ഇ.ഒ | ജിജേഷ് വി ശശീന്ദ്രൻ | 01/04/2018 | 31/03/2019 |
| എ.സി.ഡി. എസ് സൂപ്പർവൈസർ | ഗിരിജ കെ വി | 01/04/2018 | 31/03/2019 |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.ധന്യദയാനന്ദൻ | 01/04/2018 | 31/03/2019 |
| മെഡിക്കൽ ഓഫീസർ-GAD | ഡോ .സവിത എം പി | 01/04/2018 | 31/03/2019 |
| ഹെഡ് മാസ്റ്റർ | സുലോചന പി | 01/04/2018 | 31/03/2019 |
| വെറ്റിനറി സർജൻ | ധന്യജോസഫ് | 01/04/2018 | 31/03/2019 |
| ഡയറി ഫാം ഇൻസ്പെക്ടർ | വേണ ഗോപാലൻ | 01/04/2018 | 31/03/2019 |

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I<br>ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് അംഗീകരിച്ചതിന്റെ വിവരം | 1-1 |
| 2 | വാർഷീക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി-സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-12 |
| 13 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ-ഭേദഗതി പ്രകാരമുള്ള പുതുക്കിയ ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തുന്നതിൽ കാലതാമസം. | 1-13 |
| 14 | കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ / അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ. | 1-14 |
| 15 | വസ്തു നികുതി -നികുതി ഒടുക്കേണ്ട എല്ലാ കെട്ടിടങ്ങളും ഡിമാന്റിൽ ഉൾപ്പെട്ടോയെന്ന് ഉറപ്പുവരുത്തിയിട്ടില്ല. | 1-15 |
| 16 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ. | 1-16 |
| 17 | റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല. | 1-17 |
| 18 | ശമ്പള പരിഷ്കരണം നടത്തിയതിന് ആനുപാതികമായി | 1-18 |

| | | |
|---|---|---|
| | പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. | |
| 19 | പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ- കണക്കുകൾ ഓഡിറ്റിനു വിധേയമാക്കേണ്ടതാണ് | 1-19 |
| 20 | NPRPD ഗ്രാമ പഞ്ചായത്ത് വിഹിതം നല്കിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-20 |
| 21 | മെഡിക്കൽഓഫീസർ PHCനിർവ്വഹണം നടത്തിയ പ്രവർത്തികളിലെ അപാകതകൾ. | 1-21 |
| 22 | എസ് എസ് എ പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-22 |
| 23 | വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രവർത്തികളിലെ അപാകതകൾ | 1-23 |
| | **ഭാഗം II**<br>**വരവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 24 | വസ്തു നികുതി-ഉപയോഗ ക്രമത്തിനനുസരിച്ചുള്ള നികുതി ചുമത്തിയില്ല. | 2-1 |
| 25 | ആയുർവേദ സുഖചികിത്സാകേന്ദ്രത്തിന് ഉപയോഗ ക്രമത്തിനനുസരിച്ചുള്ള നികുതി നിശ്ചയിക്കാതെ പാർപ്പിടം/ലോഡ്ജ് നിരക്കിൽ നികുതി നിശ്ചയിച്ചു- വസ്തു നികുതിയിനത്തിൽ വൻ കുറവ്. | 2-2 |
| | **ഭാഗം III**<br>**ചെലവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം IV**<br>**പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനം** | |
| 26 | വാർഷികധനകാര്യപത്രികപരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 27 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 28 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 30 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 31 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-6 |
| 32 | ഓഡിറ്റ് റിക്കവറി | 4-7 |
| 33 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 34 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 36 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


**അനുബന്ധപത്രികകൾ**

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.

# ഭാഗം -1

# <u>ഓഡിറ്റ് റിപ്പോർട്ട്</u>

## 1-1 ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| വർഷം | 2018-19 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ തീയ്യതി | 01 തീയതി 31/03/2018 | 6 തീയതി 24/01/2019 |
| മുന്നിരിപ്പ് | 821280.51 | (-)765393.40 |
| വരവ് | 75128000.00 | 85770623.00 |
| ആകെ | 75949280.51 | 85005229.60 |
| ചെലവ് | 74883000.00 | 84604898.09 |
| നീക്കിയിരിപ്പ് | 1066280.51 | 400331.51 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 6.5.2019 | ഇല്ല | ഇല്ല |

## 1-3 സാമ്പത്തിക വിശകലനം ( റസീപ്റ്റ് & പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 28,56,735 |
| വരവ് | 4,27,10,051 |
| ആകെ | 4,55,66,786 |
| ചെലവ് | 4,06,59,278 |
| നീക്കിയിരിപ്പ് | 49,07,508 |

## 1-4 ഫണ്ട് വിനിയോഗം

**ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 8599028 | 8599028 | 7648524 | 950504 | 88.9 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1564000 | 1564000 | 1445937 | 118063 | 92.4 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | --- |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2257000 | 2257000 | 2184416 | 72584 | 96.7 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2776000 | 2776000 | 2640049 | 135951 | 95.1 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3911000 | 3911000 | 3911000 | - | 100 |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 0 | 0 | 0 | 0 | 0 | --- |
| | ആകെ | 19107028 | 19107028 | 17829296 | 1277732 | 93.3 |

** നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടവയാണ് .

<u>ഫണ്ട് വിനിയോഗം രസീപ്റ്റ്& പേയ്മെന്റ് പത്രിക പ്രകാരം</u>

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 7648524 | 7648524 | 7648524 | 0 |
| വികസന ഫണ്ട് -എസ്.സി.പി | 0 | 1445937 | 1445937 | 1445937 | 0 |
| വികസന ഫണ്ട് -ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, ഗ്രാന്റ് റോഡ് | 0 | 2184416 | 2184416 | 2184416 | 0 |
| മെയിന്റനൻസ്,ഗ്രാന്റ് നോൺ- റോഡ് | 0 | 2640049 | 2640049 | 2640049 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 3911000 | 3911000 | 3911000 | 0 |
| കെ.എൽ.എസ്.ജി.ഡി.പി. (ലോക ബാങ്ക് ) | 0 | 0 | 0 | 0 | 0 |
| ബി ഫണ്ട് (R&P പ്രകാരം) തൊഴിൽ രഹിത വേതനം | 0 | 281280 | 281280 | 281280 | 0 |
| വിവാഹ ധനസഹായം | 0 | 150000 | 150000 | 150000 | 0 |
| നെൽകൃഷി ഉൽപാദന ബോണസ് | 0 | 20000 | 20000 | 20000 | 0 |
| MGNREGA 100തൊഴിൽ ദിനം ഇൻസെൻറീവ് | 0 | 24000 | 24000 | 24000 | 0 |
| ട്രഷറി തനത് ഫണ്ട്.& ജനറൽ പർപ്പസ് ഫണ്ട് | 317878 | 8599067 | 8916945 | 6240201 | 2676744 |
| ട്രഷറി സംയുക്ത പദ്ധതി | 4387 | 3287821 | 3292208 | 3237622 | 54586 |
| തൊഴിലുറപ്പ് പദ്ധതി (SBI ) Admin | 2286 | 705510 | 707796 | 628256 | 79540 |
| എസ്.എസ്.എ | 31224 | 1268 | 32492 | 0 | 32492 |
| തനത് ഫണ്ട് -കേരള ഗ്രാമീൺ ബാങ്ക് | 2769986 | 12846359 | 15616345 | 13966984 | 1649361 |
| തനത് ഫണ്ട്- ഇ പേയ്മന്റ് SBI | 23445 | 29413 | 52858 | 19762 | 33096 |

# 1-5 പദ്ധതിഅവലോകനം

<u>നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം</u>

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2018-19 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2018-19 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം(%) |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ (രൂപ) | എണ്ണം | ചെലവ് തുക(രൂപ) | |
| 1 | സെക്രട്ടറി | 16 | 6425930/- | 13 | 4265316/- | 66.3 |
| 2 | അസി.എഞ്ചിനീയർ | 60 | 16846113/- | 31 | 6546053/- | 38.8 |
| 3 | കൃഷി ഓഫീസർ | 2 | 1574000/- | 2 | 1361262/- | 86.4 |
| 4 | വില്ലേജ് എക്സ്റ്റൻഷൻഷ ഓഫീസർ | 8 | 20592561/- | 6 | 13205844/- | 64.1 |
| 5 | എസിഡിഎസ് സൂപ്പർവൈസർ | 6 | 3034500/- | 6 | 295871 0/- | 97.5 |
| 6 | വെറ്റനറി സർജൻ | 2 | 794550/- | 2 | 630700/- | 79.3 |
| 7 | മെഡിക്കൽ ൽ ഓഫീസർ ആയുർവ്വേദം | 2 | 433000/- | 2 | 394000/- | 90.9 |
| 8 | മെഡിക്കൽ ഓഫീസർ പി എച്ച് സി | 4 | 928193/- | 4 | 897614/- | 96.7 |
| 9 | പ്രധാനധ്യാപകൻ | 6 | 1086950/- | 3 | 809060/- | 74.4 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 300000/- | 1 | 300000/ | 100 |
| | ആകെ | 107 | 52015797/- | 70 | 31368559/- | 60.3 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവകൾ | 2,286 | 7,05,510 | 7,07,796 | 6,28,256 | 79,540 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,20,14,134 | 2,20,14,134 | 2,20,14,134 | 0 |
| ആകെ | 2,286 | 2,27,19,644 | 2,27,21,930 | 2,26,42,390 | 79,540 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | | ഗുണഭോക്താ |
|---|---|---|---|

| വർഷം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ക്കളുടെ എണ്ണം |
|---|---|---|---|
| | തൊഴിൽ രഹിത വേതനം | 281280 | 296 |
| 2018-19 | കർഷകതൊഴിലാളി പെൻഷൻ | 4562600 | 341 |
| | വിധവാ പെൻഷൻ | 9259200 | 705 |
| | വാർദ്ധക്യകാല പെൻഷൻ | 4661000 | 389 |
| | വികലാംഗ പെൻഷൻ | 2596000 | 195 |
| | അവിവാഹിത പെൻഷൻ | 343200 | 25 |
| | വിവാഹ ധനസഹായം | 150000 | 5 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-12-2019 തീയതിയിൽ 12.40 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി.ക്യാഷ് ബാലൻസായ 25,532/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

**പൊതുനിയന്ത്രണം**

അക്കൌണ്ടിങ്ങ് നടപടികളെ കുറിച്ചുള്ള എഴുതപ്പെട്ട രേഖ ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ട്. ഗ്രാമ പഞ്ചായത്തിൽ വിവിധ ജീവനക്കാർക്ക് ഓഫീസ് ഓർഡർ പ്രകാരം ജോലി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. വരവ് ചെലവുകളെ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും ക്രമീകരിക്കുന്നതിനുമായി സ്ഥാപനത്തിൽ ബഡ്ജററ് പാസ്സാക്കിയിട്ടുണ്ട്. അപാകതകൾ ഉണ്ടെങ്കിലും പഞ്ചായത്തിന്റെ ധനപരമായ രേഖകളും വരവ് ചെലവ് പത്രികകളും പഞ്ചായത്തിന്റെ ധനപരമായ പ്രവർത്തനങ്ങളെ വിശദീകരിക്കുവാൻ പര്യാപ്തമാണ്. സേവനാവകാശനിയമം അനുശാസിക്കുന്ന തരത്തിലുള്ള സേവനങ്ങൾ എത്ര സമയത്തിനുള്ളിൽ ലഭ്യമാക്കും എന്ന് വ്യക്തമാക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തിയ ബോർഡ് നിലവിൽ ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. വിവരാവകാശനിയമം അനുശാസിക്കുന്ന തരത്തിലുള്ള ബോർഡും പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

**അക്കൌണ്ടിങ്ങ് സമ്പ്രദായം**

അക്കൌണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട് .നവീകരിച്ച അക്കൌണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൌണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡിയറി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്ററമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്.മാസാന്ത്യങ്ങളിൽ റീകൺസിലിയേഷൻ നടത്തിവരാറുണ്ട്. റസീറ്റ് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.അഗ്നിബാധ, പ്രകൃതി ദുരന്തം എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൌണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത്.

**പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം**

വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്.സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. ക്ലാർക്കുമാർ സ്വികരിക്കുന്ന പിരിവു തുക അതാതു ദിവസമോ

അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്.പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന പണത്തിന് നിലവിൽ ഇൻഷുറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.

**നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം**

നികുതികൾ ഡിമാന്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടിശ്ശിക നികുതികൾ തൊട്ടടുത്ത വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുന്നുണ്ട്.നികുതി കുടിശ്ശിക വരുത്തുന്ന നികുതി ദായകരുടെ പേര് വിവരങ്ങൾ നിലവിൽ പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നില്ല. തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല. ആയത് അടിയന്തിരമായും എഴുതി തയ്യാറാക്കേണ്ടതാണ്.

**കൺട്രോൾ ഓവർ പേറോൾ**

ജീവനക്കാരുടെ സേവനപുസ്തകം, ലീവ് റെക്കോർഡ്സ് എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്.

**രജിസ്റ്ററുകളുടെ സൂക്ഷിപ്പ്**

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ജീവനക്കാർ പേർസണൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയത് സൂക്ഷിക്കേണ്ടതാണ്. ലോൺരജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ,സ്യൂട്ട് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, എന്നിവ സൂക്ഷിച്ചിട്ടില്ല. ആയത് അടിയന്തിരമായും എഴുതി സൂക്ഷിക്കേണ്ടതാണ്.

**ആസ്തികളിൻമേലുള്ള നിയന്ത്രണം**

സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ ആധികാരികത പരിശോധിക്കാനായി അസ്സറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

# 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | ---വിവരം ലഭ്യമല്ല--- | ---വിവരം ലഭ്യമല്ല--- | ---വിവരം ലഭ്യമല്ല--- |
| പെർഫോമെൻസ് ഓഡിറ്റ് | 19-08-2019 | 20-05-2019 മുതൽ 19-08-2019വരെ | 19-08-2019 |

# 1-11 വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ

**വലിയപറമ്പ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ**

1. )2017-18വർഷത്തെ വാർഷിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ മുഴുവൻ പരിഹരിച്ചിട്ടില്ല. വാർഷികകണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, പ്രധാന പ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെകുറിച്ചുള്ള

കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 62 (2) (ഇ), (എഫ്).

2. ലൈഫ് ഭവന പദ്ധതി വായ്പാ തുകയുടെ വിവരം ബാലൻസ് ഷീറ്റിൽ 80,92,413രൂപ (shedule: B-5 Secured Loans (code-no 330) ബാധ്യതയിൽ കാണിച്ചിട്ടുണ്ടെങ്കിലും അസറ്റ് സൈഡിൽ ഈ തുക ഉൾപ്പെടുത്തിക്കാണുന്നില്ല. 30.01.2019 ന് ചേർന്ന സംസ്ഥാന തല സാംഖ്യാ സപ്പോർട്ടിങ്ങ് സെല്ലിന്റെ തീരുമാനപ്രകാരമാണ് ഇത്തരത്തിൽ ഭേദഗതി വരുത്തിയത്. മേൽ തീരുമാനം അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമായിട്ടില്ല.

3. പദ്ധതി വിഹിതം ചെലവുകൾ പൂർണ്ണമായും റവന്യൂചെലവുകളായിട്ടാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 30.01.2019 ന് ചേർന്ന സംസ്ഥാന തല സാംഖ്യാ സപ്പോർട്ടിങ്ങ് സെല്ലിന്റെ തീരുമാനപ്രകാരമാണ് മുൻ വർഷത്തേതിന് വിഭിന്നമായി ക്യാപിറ്റൽ കോൺട്രിബ്യൂഷനും റവന്യൂ കോൺട്രിബ്യൂഷനുമായി പദ്ധതിചെലവ് വിഭജിക്കാതെ മൊത്തം ചെലവും റവന്യൂചെലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ തീരുമാനം അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭ്യമായിട്ടില്ല.

4. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻ വർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടുമില്ല. വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ പരിപാലിച്ചിട്ടില്ല. ബാലൻസ്ഷീറ്റ് (B-11 Schedule) പ്രകാരമുള്ള ആസ്തികളുടെ രേഖപ്പെടുത്തൽ പരിശോധിക്കാനായിട്ടില്ല.

5. 350400501, 350410101, 350410104, 350800199 എന്നീ ഹെഡുകളിൽ 2017 മുമ്പുള്ള നീക്കിയിരിപ്പ് തുകകൾ അതേപടി നില നിർത്തിക്കാണുന്നു. ഈ നീക്കിയിരിപ്പ് ബാദ്ധ്യതകളുടെ നിജസ്ഥിതി ബോദ്ധ്യപ്പെട്ടിട്ടില്ല.

6. വസ്തുനികുതിയുടെ ഡിമാന്റ് രജിസ്റ്റർ സഞ്ചയ അപ്ലിക്കേഷനിൽ ലഭ്യമാണെന്ന് അറിയിച്ചുവെങ്കിലും, പരിശോധനാസമയത്ത് സോഫ്റ്റ് വെയറിൽനിന്നും തൻവർഷത്തെ ഡി.സി.ബിയുടെ സംക്ഷിപ്തം ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി സംബന്ധിച്ച വിശദാംശങ്ങൾ ഡി.സി.ബിയുമായി താരതമ്യം ചെയ്ത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. വസ്തു നികുതി- തൻ വർഷം 8,10,998 രൂപ അക്രൂവൽ വരുമാനമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം അക്രൂവൽ വരുമാനം രേഖപ്പെടുത്താൻ ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7. തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് ഫീസ് എന്നീയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളുടെ വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങൾ, വ്യാപാരികൾ, പ്രൊഫഷണലുകൾ എന്നിവരിൽ നിന്നുള്ള തൊഴിൽ നികുതിയിനത്തിൽ തൻവർഷം 90,380 രൂപയുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏതു രേഖ അടിസ്ഥാനമാക്കിയാണ് അക്രൂവൽ രേഖപ്പെടുത്തിയത് എന്ന് വ്യക്തമല്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ക്ലോസ് ചെയ്ത് സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൊഴിലാളികളിൽ നിന്നുമുള്ള തൊഴിൽ നികുതിയിനത്തിൽ 4,03,540 രൂപ വരവുണ്ട്. എന്നാൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ക്ലോസ് ചെയ്ത് സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-12 തൊഴിൽ നികുതി-സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു സ്ഥാപന രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.

## 1-13 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ-ഭേദഗതി പ്രകാരമുള്ള പുതുക്കിയ ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തുന്നതിൽ കാലതാമസം.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിരുന്നു. 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള ഫീസ് നിരക്ക് ഗ്രാമപഞ്ചായത്ത് 2018-19 ഓഡിറ്റ് സമയം വരെ നടപ്പിലാക്കിയിട്ടില്ല. ഇത് കാരണം 2018-19 സാമ്പത്തിക വർഷത്തെ ലൈസൻസിനായി സമയബന്ധിതമായി അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്ഥാപനമുടമകളിൽ നിന്ന് പുതുക്കിയ നിരക്കിൽ ഫീസ് ഈടാക്കാൻ സാധിച്ചിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം- 7 തീയ്യതി 31-12-2019).

## 1-14 കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ / അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ.

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരകെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 12900/ആർ.എ1/2015/ തസ്വഭവ നമ്പർ സർക്കുലറിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

(I). ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും (അപൂർണ്ണമോ അപാകതയുള്ളതോ ആയ അപേക്ഷകൾ ഉൾപ്പെടെ), ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള ക്രമം പാലിക്കുന്നില്ല.

(II).ഫ്രണ്ട് ഓഫീസിൽ നിന്നു നൽകുന്ന കറണ്ട് നമ്പറിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ ഫയലിന് നമ്പർ നൽകേണ്ടതാണ്. പിന്നീട് പ്രസ്തുത ഫയലിലുണ്ടാകുന്ന വിനിമയങ്ങൾ, നോട്ടീസുകൾ, ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ്, ഒക്യുപൻസി മുതലായവയെല്ലാം ഈ ഫയൽ നമ്പറിൽ നിന്നാണുണ്ടാകേണ്ടത്. കെട്ടിട നിർമ്മാണ അപേക്ഷാ ഫയലിൽ നോട്ടു ഭാഗവും കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല ഗ്രാമപഞ്ചായത്തിലെ പെർമിറ്റ് ഫയലുകൾ സൂക്ഷിച്ചിട്ടുള്ളത്.

(III).കുറിപ്പുകൾ അപേക്ഷയിൽ തന്നെ എഴുതുന്ന രീതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഫയൽ പേജുകൾ ശരിയായ സമയക്രമത്തിൽ റ്റാഗ് ചെയ്ത് ചേർക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പരും,

പേജ് നമ്പരും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല ഫയലുകൾ സൂക്ഷിച്ചിട്ടുള്ളത്.

(IV).അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും , എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി അപേക്ഷയിൽ തന്നെ 'നിർമ്മാണം കെ.പി.ബി.ആർ ചട്ടങ്ങൾക്ക് വിധേയമാണ് / അല്ല എന്ന് രേഖപ്പെടുത്തി സെക്ഷന് നൽകുകയാണ് ചെയ്യുന്നത്. സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ്, കൈവശഗണം/ ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ എന്നിവയൊന്നും സൂക്ഷ്മ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ രേഖപ്പെടുത്തുന്നില്ല.

(V).അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടെങ്കിൽ കാരണം രജിസ്റ്ററിലും ഫയലിലും വ്യക്തമായിരിക്കേണ്ടതാണ്. യഥാസമയം അപേക്ഷകന് നോട്ടീസ് നൽകേണ്ടതും ഇതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. നോട്ടീസ് സംബന്ധിച്ച് ഫയലിലെ നോട്ട് ഭാഗത്തും, കെട്ടിട നിർമ്മാണ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടതാണ്.കെട്ടിടനിർമ്മാണ നിയമങ്ങൾ അനുശാസിക്കുന്ന രീതിയിൽ കെട്ടിടനിർമ്മാണ അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ തീരുമാനമെടുക്കേണ്ടതാണ്. എന്നാൽ ചില അപേക്ഷകൾ തീർപ്പാക്കുന്നതിൽ അകാരണമായ കാലതാമസം വന്നിട്ടുണ്ട്. കൂടാതെ കെട്ടിട നിർമ്മാണ പെർമ്മിറ്റ് രജിസ്റ്ററിൽ നിരവധി അപേക്ഷകൾ തീർപ്പ് കല്പിക്കാതെ നിലനില്ക്കുന്നതായി കാണുന്നു.
VI).കെട്ടിട അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ 3 വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലവളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. സാധുതാ കാലയളവ് അവസാനിച്ച ശേഷവും പുതുക്കാതെയും കാലാവധി നീട്ടി നൽകാതെയും തുടരുന്ന കെട്ടിട നിർമ്മാണ അനുമതികളിന്മേൽ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല .

മേൽ അപാകതകൾ പരിഹരിക്കുന്നതോടൊപ്പം തന്നെ കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും പരാമർശിത ഉത്തരവിലെ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

# 1-15 വസ്തു നികുതി -നികുതി ഒടുക്കേണ്ട എല്ലാ കെട്ടിടങ്ങളും ഡിമാന്റിൽ ഉൾപ്പെട്ടോയെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

സ്ഥാപനത്തിലെ നികുതി അടക്കാൻ ബാധ്യസ്ഥമായ എല്ലാ കെട്ടിടങ്ങളും നികുതി പരിധിയിൽ വന്നുവെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കണക്കുകളിലെ വിവിധ തലങ്ങളിലുള്ള പൊരുത്തക്കേടുകളും മറ്റ് അപാകതകളും ഇത് വ്യക്തമാക്കുന്നു.വിശദാംശം താഴെ കൊടുക്കുന്നു.

**<u>1.രേഖകളില്ലാത്തതിനാൽ കണക്കുകളുടെ പൊരുത്തം പരിശോധിക്കാനാകുന്നില്ല.</u>**

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഓഡിറ്റ് വർഷത്തിൽ ആകെ 5105 ഡിമാന്റുകളാണുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2013-14 വർഷം മുതൽ കെട്ടിട നികുതിയുടെ അസസ് മെന്റ്, ഡിമാന്റ് കലക്ഷൻ എന്നിവ സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ് ചെയ്തു വരുന്നത്. സ്ഥാപനത്തിൽ അവസാനമായി തയ്യാറാക്കിയതും ഓഡിറ്റ് സാക്ഷ്യപ്പെടുത്തിയതുമായ ഡിമാന്റ് രജിസ്റ്റർ 2012-13 വർഷത്തേതാണ്. ഈ ഡിമാന്റ് രജിസ്റ്റർ പ്രകാരം 3920നികുതി ഡിമാന്റുകൾ സ്ഥാപനത്തിലുണ്ടായിരുന്നു. സ്ഥാപനത്തിൽ പരിപാലിച്ചുപോന്ന ന്യൂ ബിൽഡിംഗ് കൺട്രക്ഷൻ രജിസ്റ്റർ പരിശോധിച്ചാൽ 2013-14 മുതൽ 2018-19 വരെയുള്ള കാലയളവിൽ ആകെ നിർമ്മിക്കപ്പെട്ട പുതിയ കെട്ടിടങ്ങൾ എത്രയെന്ന് കണ്ടെത്താവുന്നതും ഇതു പ്രകാരം നിലവിലുണ്ടാകേണ്ട ആകെ ഡിമാന്റ് എത്രയെന്ന് തിട്ടപ്പെടുത്താവുന്നതുമായിരുന്നു. എന്നാൽ 2013-14 മുതലുള്ള രജിസ്റ്റർ ഹാജരാക്കാൻ സ്ഥാപനത്തിന്

കഴിഞ്ഞിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റിന്റെ കൃത്യത മേൽ രജിസ്റ്ററിന്റെ അഭാവത്തിൽ ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

## 2. പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല. അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല.

സ്ഥാപനത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല(ചില പെർമിറ്റുകളുടെ കാര്യത്തിൽ മാത്രം പൂർത്തീകരണം രേഖപ്പെടുത്തിയിട്ടുണ്ട്). ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണവിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്നില്ല. എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയനിരക്കിൽ കണക്കാക്കിയ നികുതിക്കു പകരം കെട്ടിടത്തിനു മുഴുവൻ പുതിയ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്തത് നികുതി ഇനത്തിൽ വൻതുക സ്ഥാപനത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമാണ്.

## 3.നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് - വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ഫോറം നമ്പർ 10 ൽ ഉള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം നിയമാനുസൃതമല്ല എന്ന് സൂചിപ്പിക്കുന്ന യു.എ എന്ന് ചേർത്ത് പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയ വർഷം കണ്ടെത്തി നമ്പർ അനുവദിക്കേണ്ടതാണ്.ഇപ്രകാരം അനുവദിക്കപ്പെട്ട യു.എ(അൺ ഓതറൈസ്ഡ്) നമ്പർ മറ്റ് യാതൊരു ആവശ്യങ്ങൾക്കും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. ഇപ്രകാരം നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും നിയമപ്രകാരമുള്ള കെട്ടിട നികുതിയും അതിന്റെ 2 ഇരട്ടിയും കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 167കെട്ടിടങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകി നികുതി ഈടാക്കുന്നുണ്ടെങ്കിലും 1.8.2017- ന് മുമ്പെ യു.എ. നമ്പർ നൽകിയ കെട്ടിടങ്ങളിൽ നിന്നും നിയമപ്രകാരം നികുതിയും അതിന്റെ 2 ഇരട്ടിയും ഈടാക്കാതെ നിയമാനുസൃത കെട്ടിടങ്ങളെപ്പോലെ തന്നെയുള്ള നികുതിയാണ് ഈടാക്കി കാണുന്നത്. കൂടാതെ ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ അനധികൃത കെട്ടിടങ്ങളിൽ നിന്നും(വാണിജ്യ കെട്ടിടമുൾപ്പെടെ) വസ്തു നികുതിയും അതിന്റെ 2 ഇരട്ടിയും ഈടാക്കേണ്ടതാണ്. ഈ അപാകത എത്രയും പെട്ടെന്ന് തന്നെ പരിഹരിക്കപ്പെടേണ്ടതാണ്.

## 4).വസ്തു നികുതി കുറവായി ഈടാക്കുന്നു.

14.01.2011-ലെ കേരള സർക്കാരിന്റെ സ.ഉ(അ) നമ്പർ 20/2011/ത.സ്വ.ഭ.വ എന്ന വിജ്ഞാപന പ്രകാരം നിലവിൽ വന്ന 2011 ലെ പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ അനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ വിവിധതരം ഉപയോഗങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച് പ്രസിദ്ധപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നികുതി നിരക്ക് 1 ചതുരശ്ര മീറ്ററിന് 50 രൂപയാണ്. 100 ചതുരശ്ര മീറ്റർ വരെയുള്ള, മുകളിൽ പ്രതിപാദിച്ച കെട്ടിടങ്ങൾക്ക് 30 രൂപയുമാണ് നിരക്ക്. എന്നാൽ ഒരു കെട്ടിടം പോലും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളത് ഇല്ലെന്നാണ് സഞ്ചയയിലുള്ളത്. പഞ്ചായത്തിൽ 496 വാണിജ്യ കെട്ടിടങ്ങൾക്കും, 50 ഓഫീസ് കെട്ടിടങ്ങൾക്കും നമ്പർ അനുവദിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിലെ ഒരു വാണിജ്യ/ഓഫീസ് കെട്ടിടം പോലും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമില്ലാ എന്നത് വിശ്വസനീയമല്ല. ആയത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

കെട്ടിടത്തിന് അവയുടെ തറവിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിശ്ചയിക്കാതെ, കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ച് വസ്തു നികുതി വരവിൽ കുറവ് വന്നത് സംബന്ധിച്ച് ഈ റിപ്പോർട്ടിലെ ഖണ്ഡിക 2(1)-ൽ പരാമർശിച്ചിട്ടുണ്ട്.

*മേൽ അപാകതകൾ ഒഴിവാക്കുന്നതിനായി താഴെ പറയുന്ന പരിഹാരനടപടികൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.*

1)സ്ഥാപനപരിധിയിൽ നിർമ്മിക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങളും ഡിമാന്റിലോ, നിയമവിധേയമല്ലാത്തവ അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിലോ ഉൾപ്പെടുത്തുന്നതിനായി ഓരോ വാർഡിലും വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ ഉപയോഗപ്പെടുത്തി വിശദമായ പരിശോധന നടത്തേണ്ടതാണ്. പരിശോധനയിൽ കണ്ടെത്തുന്ന കണക്കിൽ പെടാത്ത കെട്ടിടങ്ങളും കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകളും റഗുലറൈസ് ചെയ്യാൻ പറ്റുന്നവ അപ്രകാരം ചെയ്ത് ഡിമാന്റിലും അല്ലാത്തവ അനധികൃതനിർമ്മാണത്തിന്റെ രജിസ്റ്ററിലും ഉൾപ്പെടുത്തേണ്ടതാണ്. പരിശോധനയിൽ പഴയകെട്ടിടങ്ങളുടെ അസസ് മെന്റിലെ വിവരങ്ങളുമായി നിലവിലെ അവസ്ഥ താരതമ്യം ചെയ്യേണ്ടതും കൂട്ടിച്ചേർക്കലുകളുണ്ടെങ്കിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) മേൽ പരിശോധനാ ഫലവും നാളിതുവരെയുള്ള ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്ററും അടിസ്ഥാനപ്പെടുത്തി പെർമിറ്റ് രജിസ്റ്റർ കാലികമാക്കി മാറ്റേണ്ടതും, കാലാവധിക്കുള്ളിൽ പൂർത്തീകരണ വിവരമോ പുതുക്കലോ ഇല്ലാത്ത പെർമിറ്റുകളുടെ നിജസ്ഥിതി ഇനി മുതൽ പരിശോധിച്ച്, ആവശ്യമുള്ളവയുടെ കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

3)അനധികൃതനിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഫീൽഡ് സ്റ്റാഫിന് നിശ്ചയിച്ച് നല്കിയത് അതനുസരച്ച് അവർ കൃത്യനിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥനും സ്ററാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതുമാണ്.

4)ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കേണ്ടതും, ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഇടപെടലുകളും പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ നല്കേണ്ടതു/ നടത്തേണ്ടതുമാണ്.

5)വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ കെട്ടിടം പരിശോധിച്ച് തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നികുതിനിർണ്ണയ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തി തുക നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ വിശദമായ റിപ്പോർട്ടും, ഇതിന്റെ ഫലമായി നികുതി വരുമാനത്തിൽ വന്ന വർദ്ധനവിന്റെ വിവരവും ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

# 1-16 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ.

**A)തെരുവ് വിളക്ക് ലൈൻ വിപുലീകരണം പദ്ധതി.**

പ്രൊജക്ട് നമ്പർ - SO010/19

ഫണ്ട് - അടങ്കൽ - (സി.എഫ്.സി.ജി 9,75,552/- രൂപ), ചെലവ് - 9,75,552/- രൂപ.

ബില്ല് നമ്പർ - 5/2018-19/16.6.2018 –3,43,851/-രൂപ

ബില്ല് നമ്പർ - 14/18-19/29.9.2018 – 43,459/-രൂപ

ബില്ല് നമ്പർ - 30/18-19/18.12.2018 – 5,88,242/-രൂപ.

വലിയപറമ്പ ഗ്രാമപഞ്ചായത്തിലെ തൃക്കരിപ്പൂർ ഇലക്ട്രിക്ക് സെക്ഷന് കീഴിലുള്ള 2,3,4,5,6 വാർഡുകളിലെ വിവിധ പ്രദേശങ്ങളിൽ തെരുവ് വിളക്ക് വൈദ്യുതി ലൈൻ നീട്ടാനുള്ളതാണ മേൽ പ്രവർത്തി. ഈ പദ്ധതിക്ക് വേണ്ടി അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, തൃക്കരിപ്പൂർ സെക്ഷൻ 9,75,552/-രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചു. തുടർന്ന് മേൽ ബില്ലുകൾ പ്രകാരം ആകെ 9,75,000/-രൂപ അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, തൃക്കരിപ്പൂർ സെക്ഷന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് നടത്തിയിട്ടുണ്ട്.(അക്കൗണ്ട് നം.57039775619, എസ്.ബി.ഐ). ഈ പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം- 6 തീയ്യതി 31-12-2019-ന് മറുപടി നല്കിയിട്ടില്ല. ആയതിനാൽ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 9,75,552/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>B)തെരുവ് വിളക്ക് പരിപാലനം പദ്ധതി.</u>

പ്രൊജക്ട് നമ്പർ - 3/19

അടങ്കൽ - (സി.എഫ്.സി.ജി 1,98,418/- രൂപ)- ചെലവ് -1,22,460/-രൂപ

ബില്ല് നമ്പർ - 16/2018-19/16.10.2018 - 16,800

ബില്ല് നമ്പർ - 17/2018-19/16.10.2018 - 64,050

ബില്ല് നമ്പർ - 20/2018-19/22.10.2018 - 4,900

ബില്ല് നമ്പർ - 26/2018-19/17.12.2018 - 29,010

ബില്ല് നമ്പർ - 28/2018-19/18.12.2018 - 4,200

ബില്ല് നമ്പർ - 34/2018-19/13.2.2019 - 3,500

ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ തെരുവ് വിളക്ക് ലൈൻ വലിച്ച ഇടങ്ങളിൽ എൽ.ഇ.ഡി തെരുവ് വിളക്ക് സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. മേൽ ബില്ലുകൾ പ്രകാരമുള്ള തുകകളിൽ 93,060രൂപ തെരുവ് വിളക്ക് സാധനങ്ങൾ വാങ്ങുന്നതിനു വേണ്ടിയും 29,400രൂപ വാങ്ങിയ സാധനങ്ങൾ വൈദ്യുതി പോസ്റ്റുകളിൽ ഫിറ്റ് ചെയ്യുന്നതിനുള്ള കൂലിയിനത്തിനുമാണ് ചെലവഴിച്ചത്. സർക്കാർ ഉത്തരവ് നം.2111/18/തസ്വഭവ/തിയ്യതി 1.8.2018 പ്രകാരം കുടുംബശ്രീ മിഷനു കീഴിൽ പ്രവർത്തിക്കുന്ന പിലിക്കോട് ഗ്രാമകിരണം സ്ട്രീറ്റ് ലൈറ്റ് &എൽ.ഇ.ഡി നിർമ്മാണ പരിപാലന യൂണിറ്റിൽ നിന്നും ഗ്രാമപഞ്ചായത്തുകൾക്ക് സ്ട്രീറ്റ് ലൈറ്റ് &എൽ.ഇ.ഡി തെരുവ് വിളക്ക് എന്നിവ നേരിട്ട് വാങ്ങാം. ഭരണസമിതിയുടെ 29.10.2018-ലെ തീരുമാന പ്രകാരം പിലിക്കോട് ഗ്രാമകിരണം സ്ട്രീറ്റ് ലൈറ്റ് &എൽ.ഇ.ഡി നിർമ്മാണ പരിപാലന യൂണിറ്റിൽ നിന്നും എൽ.ഇ.ഡി തെരുവ് വിളക്ക് വാങ്ങുകയും ചെയ്തു. തുടർന്ന് പിലിക്കോട് ഗ്രാമകിരണം സ്ട്രീറ്റ് ലൈറ്റ് &എൽ.ഇ.ഡി നിർമ്മാണ പരിപാലന യൂണിറ്റ് ബില്ല് നം.9/14.11.2018പ്രകാരം ആകെ 100 എണ്ണം 15 വാട്ട് എൽ.ഇ.ഡി ബൾബും, 50 എണ്ണം ഹോൾഡറും, 25 എണ്ണം surface DP swich-ഉം അനുബന്ധസാധനങ്ങളും വിതരണം ചെയ്തു. മേൽ വൗച്ചർ പ്രകാരം ആകെ 29,010/-രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. കൂടാതെ ബില്ല് നം.3/(തിയ്യതി ഇല്ല)പ്രകാരം ആകെ 225എണ്ണം 15വാട്ട് എൽ.ഇ.ഡി ബൾബും, 100എണ്ണം ഹോൾഡറും, 225എണ്ണം plastic lamp shade-ഉം വിതരണം ചെയ്തു. മേൽ വൗച്ചർ പ്രകാരം ആകെ 64,050/- രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി.(അക്കൗണ്ട് നം.42382250002344,സിൻഡിക്കറ്റ് ബാങ്ക്, കാലിക്കടവ്).

<u>ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾക്ക് ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.</u>

1.സർക്കാർ ഉത്തരവ് നം.2111/18/തസ്വഭവ/തിയ്യതി 1.8.2018 പ്രകാരം കുടുംബശ്രീ മിഷനു കീഴിൽ പ്രവർത്തിക്കുന്ന പിലിക്കോട് ഗ്രാമകിരണം സ്ട്രീറ്റ് ലൈറ്റ് &എൽ.ഇ.ഡി നിർമ്മാണ പരിപാലന യൂണിറ്റിൽ നിന്നും ഗ്രാമപഞ്ചായത്തുകൾക്ക് സ്ട്രീറ്റ് ലൈറ്റ് &എൽ.ഇ.ഡി തെരുവ് വിളക്ക് എന്നിവ നേരിട്ട് വാങ്ങാം. വാങ്ങുമ്പോൾ ഏറ്റവും അടുത്തുള്ള എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്നും സാമ്പിൾ പരിശോധിച്ച് സാക്ഷ്യപത്രം വാങ്ങിയതിന് ശേഷം മാത്രമെ പർച്ചേസ് നടത്താൻ പാടുള്ളൂ. ഇവിടെ 15 വാട്ട് എൽ.ഇ.ഡി ബൾബുകളാണ് വാങ്ങിയിട്ടുള്ളത്, എന്നാൽ സാമ്പിൾ പരിശോധിച്ചതിന്റെ രേഖയാണ് പരിശോധനക്ക്

ഹാജരാക്കിയത് 8 വാട്ട്, 12 വാട്ട് എൽ.ഇ.ഡി പരിശോധിച്ചതിന്റെ രേഖകളാണ്. വാങ്ങിയ സാധനത്തിന്റെ സാമ്പിൾ പരിശോധിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2.സ്ഥാപനവുമായി കരാർ ഒപ്പു വെച്ചിട്ടില്ല.

3.ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ സൂചിപ്പിക്കാത്ത ബില്ല് ആണ് സ്ഥാപനം സമർപ്പിച്ചിരിക്കുന്നത്. സ്ഥാപനത്തിന് ജി.എസ്.ടി രജിസ്ട്രേഷൻ ഉണ്ടോ എന്ന് വ്യക്തമല്ല.

4.ആകെ 325 എണ്ണം 15 വാട്ട് എൽ.ഇ.ഡി ബൾബുകൾ എവിടെയൊക്കെ സ്ഥാപിച്ചു എന്നതിന്റെയും, ഇതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് സൂപ്പർവിഷൻ നടത്തിയതിന്റെ രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം- 6 തീയ്യതി 31-12-2019 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 1,22,460/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-17 റോഡ് കണക്ടിവിറ്റി ഭുപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല.

പതിമൂന്നാം പദ്ധതിയിലെ 2018-2019 മുതലുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖയിലെ ( ജി.ഒ. (എം.എസ്) നം. 11/2018 /ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 29.01.2018 ) ഖണ്ഡിക. 7.13 ൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പാക്കിയ റോഡ് പ്രവൃത്തികൾ ഇത്തരത്തിലുള്ള പ്ലാനിന്റെ അടിസ്ഥാനത്തിലല്ല ചെയ്തിരിക്കുന്നത്. റോഡ് പ്രവൃത്തികളുടെ പ്രൊജക്ട് തയ്യാറാക്കുന്നതിന് പ്രസ്തുത നിർദ്ദേശപ്രകാരമുള്ള റോഡ് കണക്ടിവിറ്റി പദ്ധതി അത്യാവശ്യമാണ്. പുതുതായി നിർമ്മിക്കേണ്ടതും, പരിഷ്കരിക്കേണ്ടതുമായ റോഡുകളെ കണ്ടെത്തി അവയ്ക്ക് അനുസൃതമായ രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കണം. ആയതിനാൽ പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായി റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി റോഡ് പ്രവൃത്തികൾ നടപ്പാക്കേണ്ടതാണ്.

# 1-18 ശമ്പള പരിഷ്കരണം നടത്തിയതിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല.

സ.ഉ.(പി)7/2016/ഫിൻ. തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി നല്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 2018-19 വർഷത്തെ ബിൽ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2018-19വർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 3 ഗഡുക്കൾ(രണ്ടാം ഗഡു മുതൽ നാലാം ഗഡു വരെ) താഴെ പറയും പ്രകാരം ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ട്.

| ഗഡു | ബിൽ നമ്പർ/തീയതി | തുക | റിമാർക്സ് |
|---|---|---|---|
| രണ്ടാം ഗഡു | 110/2018-19തീയതി1.6.18 | 78834 | പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചു |
| | 111/2018-19തീയതി1.6.18 | 17914 | പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചു |
| മുന്നാം ഗഡു | 201/2018-19തീയതി18.7.18 | 17050 | പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചു |
| | 202/2018-19തീയതി18.7.18 | 79364 | പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചു |
| നാലാം ഗഡു | 417/2018-19തീയതി8.11.18 | 88221 | തുക ജീവനക്കാർക്ക് കാഷായി നല്കി |
| | 418/2018-19തീയതി8.11.18 | 7122 | തുക ജീവനക്കാർക്ക് കാഷായി നല്കി |

മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം ശമ്പള കുടിശ്ശികയ്ക്ക് ആനുപാതികമായി ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്.ഇപ്രകാരം ശമ്പളകുടിശ്ശികയുടെ 3 ഗഡുക്കൾ നല്കിയപ്പോൾ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടുണ്ടോ എന്ന വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ- കണക്കുകൾ ഓഡിറ്റിനു വിധേയമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി. വലിയപറമ്പ, പി.എച്ച്.സി. മാവിലാകടപ്പുറം,ഗവ.ഹോമിയോഡിസ്പെൻസറി, ( വലിയപറമ്പ,) ഗവ.ആയുർവേദ ഡിസ്പെൻസറി,( വലിയപറമ്പ,) എന്നി ആശുപത്രികൾ നിലവിലുണ്ട്. കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ 2010ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള മേൽ ആശുപത്രികളിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ വാർഷിക കണക്കുകൾ നാളിതുവരെയായും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിലെ ആശുപത്രികളുടെ പ്രവർത്തനത്തിൽ ഫലപ്രദമായി ഇടപെടുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്. പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള 2010ലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ നടക്കുന്നുവെന്നും നാളിതുവരെയുള്ള വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിക്കുന്നുവെന്നും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതുമാണ്. ഈ വിഷയം 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3-13 ആയി പരാമർശിച്ചിട്ടുണ്ടെങ്കിലും ഭരണസമിതി ഈ വിഷയം ഗൗരവമായി ഉൾക്കൊണ്ടതായിക്കാണുന്നില്ല.

# 1-20 NPRPD ഗ്രാമ പഞ്ചായത്ത് വിഹിതം നല്കിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷം NPRPD ഗ്രാമ പഞ്ചായത്ത് വിഹിതമായി സെക്രട്ടറി ജില്ലാ പഞ്ചായത്തിന് 1,00,000 രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച ജില്ലാ പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പ്രൊജക്ടുകളിൽ ലക്ഷ്യമിട്ടിരുന്ന പ്രകാരം തന്നെ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളിൽ നിന്നുള്ള മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി വിശദാംശം | ബിൽ നം& തിയതി | തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|
| I.C.D.S. സൂപ്പർവൈസർ | പ്രൊജക്റ്റ് നമ്പർ-53/18-19 NPRPD ഗ്രാമ പഞ്ചായത്ത് വിഹിതം<br>(അടങ്കൽ 1,00,000 രൂപ-വികസനഫണ്ട് -പൊതുവിഭാഗം) | 2/2018-19<br>തിയതി<br>16.06.2018 | 1,00,000 രൂപ | സെക്രട്ടറി ജില്ലാ പഞ്ചായത്ത്<br>കാസറഗോഡ് |

# 1-21 മെഡിക്കൽ ഓഫീസർ PHC നിർവ്വഹണം നടത്തിയ പ്രവർത്തികളിലെ അപാകതകൾ.

l).സാന്ത്വന പരിചരണ നിർവ്വഹണം-സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച.

ഗ്രാമപഞ്ചായത്തിലെ സാന്ത്വന പരിചരണം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 69/2018-19- സാന്ത്വന പരിചരണം |
| ഫണ്ട്- അടങ്കൽ - 6,00,000 രൂപ | വികസന ഫണ്ട്- 3,50,000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 50,000<br>ജില്ലാ പഞ്ചായത്ത് വിഹിതം- 2,00,000 |
| ചെലവ്- 6,99,261/-രൂപ | വികസന ഫണ്ട്- 3,49,916<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 35,200<br>ജില്ലാ പഞ്ചായത്ത് വിഹിതം- 1,99,960 |

i.വിവിധ കമ്മിറ്റികളുടെ പ്രവർത്തനം

(a) പാലിയേറ്റീവ് കെയർ മാനേജ് മെന്റ് കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡന്റ് ചെയർപേഴ്സണായി രൂപീകരിച്ച കമ്മിറ്റിയാണിത്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. യോഗങ്ങളിൽ മെമ്പർസെക്രട്ടറി ഓരോ മാസത്തേയും പ്രവർത്തന - അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ദ്വൈമാസയോഗത്തിൽ വെച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്. സ.ഉ.(സാധാ)3217/2015/ത.സ്വ.ഭ.വ. തി. 29.10.2015ഖ.2-3-2 കാണുക. എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഓഡിറ്റ് കാലയളവിൽ ഈ കമ്മിറ്റിയിൽ നടന്നിട്ടില്ല.

(b) പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് കൊണ്ട് പോകുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി എല്ലാമാസവും അഞ്ചാം തിയ്യതിക്ക് മുൻപ് യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. (മേൽ ഉത്തരവ് ഖ.2-4-1കാണുക)എന്നാൽ ഇങ്ങനെ ഒരു കമ്മിറ്റി ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല.

ii. പാലിയേറ്റീവ് കെയർ വാഹനം

പാലിയേറ്റീവ് കെയർ വാഹന ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാചെലവുകളും എച്ച്.എം.സി ഫണ്ടിൽനിന്നും വഹിക്കേണ്ടതും ഈ തുക പാലിയേറ്റീവ് കെയർ പ്രോജക്ടിൽനിന്ന് മാറി എച്ച്.എം.സി. ഫണ്ടിലേക്ക് നൽകാവുന്നതുമാണ്. (മേൽ ഉത്തരവ് ഖ.നം.2-6-5 കാണുക.) എന്നാൽ വാഹനചെലവുമായി ബന്ധപ്പെട്ട ചെലവുകൾ പ്രോജക്ടിൽ നിന്ന് നേരിട്ട് ചെലവഴിക്കുന്ന രീതിയാണ് ഇപ്പോൾ പിന്തുടർന്ന് വരുന്നത്. വാഹന ഉപയോഗവുമായി ബന്ധപ്പെട്ട് സ.ഉ.(എം.എസ്) നം.170/07/തസ്വഭവ.തി.30.06.2007 ഉത്തരവ് പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതല

സ.ഉ.(സാധാ) നം 3217/2015/ത.സ്വ.ഭ.വ/ 29.10.2015 ഖ.2-11-4ൽ ഗ്രാമപഞ്ചായത്തുകളിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്. ആരോഗ്യവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ മോണിറ്ററിംഗ് നടത്തുന്ന വർക്കിംഗ് ഗ്രൂപ്പ് പാലിയേറ്റീവ് കെയർ പ്രോജക്ടും മോണിറ്ററിംഗ് നടത്തേണ്ടതാണെന്ന്

നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിലെ ബന്ധപ്പെട്ട കമ്മിറ്റികളുടെ മിനുട്സ് പരിശോധിച്ചതിൽ ഇത്തരത്തിലുള്ള ചർച്ചകൾ നടന്നതായോ, തീരുമാനങ്ങൾ എടുത്തതായോ കാണുന്നില്ല. പാലിയേറ്റീവ് കെയർ സംഘടനാ സംവിധാനം ശക്തമാക്കി പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾ കാരണം ഈ പദ്ധതിക്ക് വേണ്ടി ചെലഴിച്ച 6,99,261/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>II). പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചില്ല.</u>

ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്.) നം.22/2018 തസ്വഭവ .തിയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ (ഖ.7.5.3) പരാമർശിച്ചിട്ടുണ്ട്. ഇതനുസരിച്ച് അലോപ്പതി മരുന്നുകൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുമാത്രമേ വാങ്ങാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2018-19 വർഷം നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം 3,44,618രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കേർപ്പറേഷനിൽ നിന്നുമാണ്. വിശദവിവരം താഴെ കൊടുക്കുന്നു,

| പ്രോജക്ട് നം | ബില്ല്നം /ചെക്ക് നം-തുക | റിമാർക്സ് |
| --- | --- | --- |
| 69/2018-19-സാന്ത്വനപരിചരണം | 1,01,135രൂപ(ചെക്ക് നം JK-2013413/27.3.2019)<br>98,825രൂപ (ചെക്ക് നം1879895/14.10.2018) | പാലിയേറ്റീവ് കെയർ പദ്ധതിക്കു വേണ്ടി ചെക്ക് നം JK-2013413 പ്രകാരം ചെലവഴിച്ച 1,01,135 രൂപയിലെ 37,665 രൂപയുടെ മരുന്നുകളും, ചെക്ക് നം1879895 ചെലവഴിച്ച 98,825 രൂപയിലെ 82,425 രൂപയുടെ മരുന്നുകളും വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കേർപ്പറേഷനിൽ നിന്നുമാണ്. |
| 56/2018-19-പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ | 1,50,000രൂപ(ബില്ല് നം 5/24.10.2018) | 1,50,000രൂപയുടെയും മരുന്നുകൾ വാങ്ങുവാൻ തുക നല്കിയത് സിവിൽ സപ്ലൈസ് കേർപ്പറേഷനാണ്. ഇതിൽ 1,42,392 രൂപയുടെ മരുന്ന് ലഭിച്ചിരുന്നു.ബാക്കി7,608 രൂപയുടെ മരുന്ന് ലഭിച്ചതായും കാണുന്നില്ല. |

മെഡിക്കൽ സർവ്വീസ് കേർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ആശുപത്രി മാനേജിങ്ങ് കമ്മിറ്റിയുടെ ശുപാർശപ്രകാരം അടിയന്തിര സാഹചര്യം മറികടക്കുന്നതിനു വേണ്ടി മാത്രം മരുന്ന് വാങ്ങാമെന്ന് സർക്കാർ നിർദ്ദേശമുണ്ടെങ്കിലും (സബ്സിഡി മാർഗ്ഗരേഖ(ഖ.7.5.4)) ഈ നടപടികൾ പാലിക്കാതെ ജില്ലാ മെഡിക്കൽ സ്റ്റോറിൽ മരുന്ന് ലഭ്യമല്ലയെന്ന സാക്ഷ്യപത്രത്തിന്റെയും പി.എച്ച്.സി ഫാർമസിസ്റ്റിന്റെ ശുപാർശയുടെയും അടിസ്ഥാനത്തിൽ മാത്രം മുഴവൻ മരുന്നുകളും സപ്ലൈകോയിൽ നിന്നും വാങ്ങുകയാണ് ഉണ്ടായത്. കേരള മെഡിക്കൽ സർവ്വീസ് കേർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ടെങ്കിൽ ഇക്കാര്യം ഉചിത മാർഗ്ഗേണ സർക്കാരിനെ ധരിപ്പിച്ച് പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതിനുപകരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് മരുന്നുകൾ വാങ്ങിയത് ശരിയായ നടപടിക്രമമല്ല.

<u>III)-മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് വേണ്ടി അനുവദിച്ച തുക ചെലവഴിച്ചതിലെ അപാകതകൾ</u>

ചെക്ക് നം.9112 തീയ്യതി.7.6.2018, 1,30,000/- രൂപ

മൺസൂൺ കാലത്ത് പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്നതിനുള്ള സാധ്യത ഒഴിവാക്കാൻ ലക്ഷ്യമിട്ടു കൊണ്ട് വിവിധ പ്രതിരോധ പ്രവർത്തനങ്ങൾ രൂപീകരിച്ച് പ്രാദേശിക തലത്തിൽ നടപ്പിലാക്കുക എന്നതാണ് മഴക്കാല പൂർവ്വശുചിത്വ ക്യാംപെയിൻ കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.തസ്വഭവ (ഡി.സി) വകുപ്പിന്റെ 22.01.2018 ലെ നമ്പർ 17/ഡി.സി 1/18 തസ്വഭവ സർക്കുലർ പ്രകാരം ആരോഗ്യ ജാഗ്രത പകർച്ചവ്യാധി പ്രതിരോധ യജ്ഞം 2018 നടത്തിപ്പിനായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയതിലെ ഖണ്ഡിക 8, ക്രമ നമ്പർ 11 പ്രകാരം

ജനുവരി 26-നുള്ളിൽ മാർക്കറ്റുകൾ മറ്റ് പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങൾ നടത്തേണ്ടതായിരുന്നു. എന്നാൽ ആയത് പാലിച്ചതായി കാണുന്നില്ല. പി.എച്ച്.സി. യിലെ വിവിധ ജെ.പി.എച്ച്.എൻ. മാരാണ് സാനിറ്റേഷൻ സമിതികളുടെ കൺവീനർമാർ. ഈ തുക വിവിധ വാർഡുകളിലെ സാനിറ്റേഷൻ സമിതികൾ ചെലവഴിച്ചതിന്റെ വിശദവിവരങ്ങൾ, ചെലവ് വൗച്ചറുകൾ എന്നിവ പരിശോധന നടത്തിയപ്പോൾ 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി പരിശോധനാ രേഖകൾ ഹാജരാക്കിയ 11 വാർഡുകളിലും ശുചീകരണം നടത്തിയിരിക്കുന്നത് 2018 ഒക്ടോബർ മുതൽ 2019 ഫിബ്രവരി വരെയുള്ള കാലയളവിലാണ്. എന്നാൽ മഴക്കാലപൂർവ്വ ശുചീകരണം നടത്തേണ്ടത് 2018 ഏപ്രിൽ മാസം മുതൽ ജൂൺ മാസം വരെയുള്ള കാലയളവിലാണ്. തുടർന്നങ്ങോട്ട് സർക്കാർ നിശ്ചയിച്ച കാലയളവിൽ തന്നെ മഴക്കാലപൂർവ്വ ശുചീകരണം നടത്തുന്നതിന് ആരോഗ്യ സ്റ്റാൻഡിങ്ങ് കമ്മറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. കൂടാതെ 4,5 എന്നീ വാർഡുകളിലെ ചെലവ് വൗച്ചറുകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല, ബാക്കി 11 വാർഡുകളിലെ ചെലവ് വൗച്ചറുകൾ ബന്ധപ്പെട്ട വാർഡ് ശുചിത്വ കമ്മിറ്റി കൺവീനർമാർ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട്. ആയട് പരിശോധിച്ചപ്പോൾ ചെലവഴിച്ചതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു,

| വാർഡ് നം | അനുവദിച്ച തുക | ചെലവഴിച്ച തുക | ബാലൻസ് തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 10,000 | 10,000 | | |
| 2 | 10,000 | 10,000 | | |
| 3 | 10,000 | | 10,000 | ചെലവ് വൗച്ചറുകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. |
| 4 | 10,000 | | 10,000 | ചെലവ് വൗച്ചറുകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. |
| 5 | 10,000 | 10,000 | | |
| 6 | 10,000 | 10,000 | | |
| 7 | 10,000 | 10,000 | | |
| 8 | 10,000 | 10,000 | | |
| 9 | 10,000 | 10,000 | | |
| 10 | 10,000 | 6,920 | 3,117 | |
| 11 | 10,000 | 7,440 | 2,758 | |
| 12 | 10,000 | 10,000 | | |
| 13 | 10,000 | 10,000 | | |
| ആകെ | 1,30,000 | 1,24,125 | 25,875 | |

ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചതിന് വിശദീകരണം നല്കേണ്ടതാണ്. കൂടാതെ ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 25,875 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം- 4തീയ്യതി 28-12-2019).

## 1-22 എസ് എസ് എ പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
|---|---|
| പ്രോജക്ട് നം. | S0050/2019 എസ് എസ് എ പഞ്ചായത്ത് വിഹിതം നൽകൽ |
| | |

| | |
|---|---|
| തുക | 7,50,000 രൂപ |
| ബിൽ നം. | 1/2018-19 തീയതി 20-10-2018(വികസന ഫണ്ട്-ജനറൽ) |

സ.ഉ(കൈ)നം.11/2018/തസ്വഭവ, തീയതി 29.01.2018 ഖ.7.6(3),(4) എന്നിവ പ്രകാരം എസ് എസ് എയും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിൻെറ എസ് എസ് എ പ്രൊജക്ട് തയ്യാറാക്കേണ്ടത്.ഇതനുസരിച്ച് പഞ്ചായത്ത് അധികാരികളും, പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും എസ് എസ് എയും കൂടി ചർച്ച ചെയ്ത് പഞ്ചായത്തിൽ എസ് എസ് എ പ്രൊജക്ടിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തിന്റെ ആവശ്യകതയ്ക്കനുസരിച്ചാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്. പഠന നിലവാരം ഉയർത്തുക, വിദ്യാർത്ഥികളുടെ സർഗാത്മകശേഷികൾ വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക തുടങ്ങിയ ഗവേഷണാത്മക പ്രോജക്ടുകൾ എസ്.എസ്.എ, ആർ.എം.എസ്.എ വിദ്യാഭ്യാസവകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനമല്ല എന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമാണ് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നത്. എന്നാൽ ഇത്തരം നടപടികൾ പാലിക്കാതെയാണ് പണം നല്കിയത്. ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ SO050/2019, എസ് എസ് എ വിഹിതം നല്കൽ എന്ന പദ്ധതിക്കായി പിൻവലിച്ച 7,50,000/- രൂപ ഏതെല്ലാം സ്കൂളുകൾക്ക്, ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചു എന്നത് സംബന്ധിച്ച് വിശദമായ വിനിയോഗ വിവരം ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 7,50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-23 വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രവർത്തികളിലെ അപാകതകൾ

A)പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം-പൂർത്തിയാക്കിയിട്ടില്ല

പ്രൊജക്ട് നം.- SO083/2019-എസ്.സി.പി.

ബിൽ നം.- 1/29.5.2018- 1,00,000

ബിൽ നം.- 7/27.11.2018- 50,000

2018-19വർഷം നടപ്പിലാക്കിയ പ്രൊജക്ട് നം.SO 083, പഠനമുറി നിർമ്മാണം (പട്ടികജാതി വിദ്യാർത്ഥികൾക്ക്) എന്ന പദ്ധതി പ്രകാരം ഏതാനും ഗഡുക്കൾ കൈപ്പറ്റിയ ചുവടെ ചേർത്ത ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ച് അന്തിമ മൂല്യനിർണ്ണയ സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല. പഠനമുറി നിർമ്മാണം എത്രയും വേഗം പൂർത്തീകരിച്ച് മൂല്യനിണ്ണയ സാക്ഷ്യപത്രം, മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രം സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.വിശദ വിവരം താഴെ കൊടുക്കുന്നു.

| നം. | വിദ്യാർത്ഥിയുടെ പേര് | രക്ഷിതാവിന്റെ പേര് | മുൻ വർഷം കൈപ്പറ്റിയ തുക | ഓഡിറ്റ് വർഷം കൈപ്പറ്റിയ തുക | വാർഡ് നം. |
|---|---|---|---|---|---|
| 1. | ശരവൺ.കെ.വി | എൻ.വി.ശശീധരൻ | 50,000 | 50,000 | VII |
| 2. | ഷോബിൻ.കെ | കെ.മാധവൻ | 50,000 | 50,000 | I |
| 3. | സുധീഷ്.എം | കുഞ്ഞികൃഷ്ണൻ.വി | 50,000 | 50,000 | II |

കൂടാതെ മുകളിൽ വിവരിച്ച സീരിയൽ-നം രണ്ടായി കാണിച്ച ഗുണഭോക്താവിന് 800ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാസഗൃഹമുണ്ട്. സ.ഉ(കൈ)നം.22/2018/തസ്വഭവ. തീയ്യതി.14.02.2018-നംമ മാർഗ്ഗരേഖയിലെ ഖണ്ഡിക നം 7.2.17 പ്രകാരം 800ച.മീറ്ററിൽ താഴെ വിസ്തീർണമുള്ളവർക്ക് മാത്രമെ ഈ പ്രൊജക്ട് പ്രകാരം ധനസഹായം അനുവദിക്കുവൂ. എന്നാൽ കെ.മാധവൻ എന്നവർ ഗ്രാമപഞ്ചായത്തിലെ I-143/A ഭവനത്തിന്റെ ഉടമസ്ഥനാണ്. ഈ ഭവനം പഞ്ചായത്ത് രേഖകൾ പ്രകാരം(സഞ്ചയ)106 m2 (അസസ്മെന്റ് തീയ്യതി-20.2.2013) അതായത് 1141ച.മീറ്ററാണുള്ളത്. 800ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വീടുള്ള മേൽ വിവരിച്ച ഗുണഭോക്താവിന് ധനസഹായം അനുവദിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം- 8തീയ്യതി 31-12-2019-ന് മറുപടി നല്കിയിട്ടില്ല. ഈ റിപ്പോർട്ടിന്റെ പ്രഥമ

മറുപടിയോടൊപ്പം വ്യക്തമായ മറുപടി സമർപ്പിക്കുകയോ അല്ലാത്ത പക്ഷം തുക തരിച്ചടക്കുകയോ ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക നല്കിയത് നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

മേൽ അപാകതകൾ കാരണം ഓഡിറ്റ് വർഷം ചെലവഴിച്ച 1,50,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

B) പൂർത്തീകരിക്കാത്ത ഭവനത്തിന്റെ പൂർത്തീകരണം - കംപ്ലീഷൻ നല്കി വീട്ട് നമ്പറിന് അപേക്ഷിച്ചിട്ടില്ല.

പഞ്ചായത്തിലെ പൂർത്തീകരിക്കാത്ത ഭവനത്തിന്റെ പൂർത്തീകരണവുമായി (proj no- 81/18) ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ, ധനസഹായം കൈപ്പറ്റിയ 9 ഗുണഭോക്താക്കളും ഓഡിറ്റ് സമയം വരെ കംപ്ലീഷൻ നല്കി വീട്ട് നമ്പറിന് അപേക്ഷിച്ചിട്ടില്ല. പ്രോജക്ട് പ്രകാരം മുഴുവൻ തുകയും നല്കിയിട്ടും ഉടമസ്ഥർ ഭവന നിർമ്മാണം പൂർത്തീകരിച്ച് വീട്ട് നമ്പറിന് അപേക്ഷിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം- 8തീയ്യതി 31-12-2019).

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വസ്തു നികുതി-ഉപയോഗ ക്രമത്തിനനുസരിച്ചുള്ള നികുതി ചുമത്തിയില്ല.

ഓഡിറ്റ് വർഷത്തെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ വസ്തു നികുതി നിർണ്ണയത്തിൽ പല അപാകതകളും കാണുകയുണ്ടായി. 14.01.2011-ലെ കേരള സർക്കാരിന്റെ സ.ഉ(അ) നമ്പർ 20/2011/ത.സ്വ.ഭ.വ എന്ന വിജ്ഞാപന പ്രകാരം നിലവിൽ വന്ന 2011 ലെ പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ അനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ വിവിധതരം ഉപയോഗങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച് പ്രസിദ്ധപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നികുതി നിരക്ക് 1 ചതുരശ്ര മീറ്ററിന് 50 രൂപയാണ്. 100 ചതുരശ്ര മീറ്റർ വരെയുള്ള, മുകളിൽ പ്രതിപാദിച്ച കെട്ടിടങ്ങൾക്ക് 30 രൂപയുമാണ് നിരക്ക്. എന്നാൽ താഴെ വിവരിക്കുന്ന കെട്ടിടത്തിന് അവയുടെ തറവിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിശ്ചയിക്കാതെ, കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ച് വസ്തു നികുതി വരവിൽ കുറവ് വന്നതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

ഉടമസ്ഥന്റെ പേര് --PKC റംലത്ത്, കെട്ടിട നമ്പർ -- Ward No VII -B,C,D,E

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം(m2)-119m2 ( അസസ്സ് മെന്റ് തീയ്യതി-10.5.2016)

| കെട്ടിടത്തിന്റെ വിവരം | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| Shop area-119m2 | 119x30= 3,570 | 20%= 714 | 10%= 357 | 3,927 +LC | 119x50= 5,950 | 20%= 1,190 | 10%= 595 | 6,545 +LC | 2,618 +LC |

10.5.2016-മുതലാണ് വസ്തുനികുതി അസസ്സ് മെന്റ് ചെയ്തിട്ടുള്ളത്, ആയത്കൊണ്ട് 2016-17 സാമ്പത്തിക വർഷം മുതലാണ് നികുതിയിനത്തിൽ തുക കുറവ് വന്നിട്ടുള്ളത്. നികുതിയിനത്തിൽ 7,854 (2,618x3) രൂപയുടെ കുറവാണുണ്ടായിട്ടുള്ളത്. 10.5.2016-ന് ഈ കെട്ടിടം അസസ്മെന്റ് ചെയ്ത സെക്രട്ടറി തന്നെയാണ് ഓഡിറ്റ് വർഷവും

സെക്രട്ടറിയുടെ ചുമതലയിലുണ്ടായിരുന്നത്. വസ്തു നികുതിയിനത്തിൽ കുറവു വന്ന 8,247(7,854 + 393) രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്. കൂടാതെ തുടർന്നുള്ള വർഷങ്ങളിലെ നികുതി പുതുക്കി ക്രമീകരിക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നം- 10തീയ്യതി 31-12-2019).

## 2-2 ആയുർവേദ സുഖചികിത്സാകേന്ദ്രത്തിന് ഉപയോഗ ക്രമത്തിനനുസരിച്ചുള്ള നികുതി നിശ്ചയിക്കാതെ പാർപ്പിടം/ലോഡ്ജ് നിരക്കിൽ നികുതി നിശ്ചയിച്ചൂ- വസ്തു നികുതിയിനത്തിൽ വൻ കുറവ്.

വി.വി ലീനാറാണി എന്നവരുടെ ഉടമസ്ഥതയിലുള്ള VI-300/A, VI-183/A മുതൽ VI-183/K വരെയുള്ള നമ്പർ കെട്ടിടത്തിൽ ആയുർജീവനം ആയുർവേദ എന്ന സ്ഥാപനമാണ് പ്രവർത്തിക്കുന്നതെന്ന് രേഖകളിൽ കാണുന്നു. ഓഡിറ്റ് വർഷം ഇവിടുത്തെ 8 റൂമുകളിൽ ലോഡ്ജ് നടത്തുന്നതിനായി രജിസ്ട്രേഷനായി അപേക്ഷിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലോഡ്ജിന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആയുർജീവനം ആയുർവേദ എന്ന സ്ഥാപനം KTDC-യുടെ അംഗീകാരത്തോടെ സർവ്വീസ് വില്ല നടത്തുന്നതിനാണ് അനുമതി തേടിയിട്ടുള്ളത്. ആയുർവേദ സുഖചികിത്സാകേന്ദ്രം നടത്തുന്നതിനായി ഉപയോഗിക്കുന്ന ഈ കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിച്ചപ്പോൾ ഉപയോഗ ക്രമത്തിനനുസരിച്ച് നികുതി ചുമത്തിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നം | അളവ് | തരം | നിശ്ചയിച്ച നികുതി |
|---|---|---|---|
| VI-300/A | 150m2 | പാർപ്പിടം | 520 |
| VI-183/A | 150m2 | പാർപ്പിടം | 520 |
| VI-183/B | 60m2 | ലോഡ്ജ് | 1293 |
| VI-183/C | 60m2 | ലോഡ്ജ് | 1293 |
| VI-183/D | 30m2 | ലോഡ്ജ് | 647 |
| VI-183/E | 30m2 | ലോഡ്ജ് | 647 |
| VI-183/F | 30m2 | ലോഡ്ജ് | 647 |
| VI-183/G | 30m2 | ലോഡ്ജ് | 647 |
| VI-183/G | 30m2 | ലോഡ്ജ് | 647 |
| VI-183/I | 30m2 | ലോഡ്ജ് | 647 |
| VI-183/J | 30m2 | ലോഡ്ജ് | 647 |
| VI-183/K | 30m2 | ലോഡ്ജ് | 647 |
| VI-183/A1 | 20m2 | പാർപ്പിടം | 63 |
| ആകെ | 680m2 | | 8,865 |

വിവിധ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള നികുതി നിരക്ക് ചുവടെ ചേർക്കുന്നു.

| ഉപയോഗം | നിരക്ക്(ച.മീറ്ററിന്) |
|---|---|
| പാർപ്പിടം | 3 |
| ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 |
| അസംബ്ലികെട്ടിടം,ലോഡ്ജ്,ആഡിറ്റോറിയം | 20 |

മേൽ കെട്ടിടത്തിന് ഈടാക്കേണ്ടിയിരുന്ന നികുതി നിരക്ക്

| | |
|---|---|
| ഉപയോഗ ക്രമം- അടിസ്ഥാന നികുതി നിരക്ക് | ആയുർവേദ സുഖചികിത്സാകേന്ദ്രം, 150 രൂപ |
| കെട്ടിടത്തിന്റെ വിസ്തീർണവും നികുതിയും | 680m2, 680 x 150 = 1,02,000 |
| മേഖല- ദ്വിതീയം- ഇളവ് 10% | (-) 10,200 |
| വഴി സൗകര്യം- വർദ്ധന 20% | 20,400 |
| ആകെ (ലൈബ്രറി സെസ് അടക്കം) | 1,12,200 |
| ഈടാക്കിയ നികുതി | 8,865 |
| കുറവ് വന്ന നികുതി | 1,03,335 |

2018-19 വർഷം 1,03,335 രൂപയുടെ കുറവാണ് വസ്തു നികുതിയിൽ ഉണ്ടായിട്ടുള്ളത് . കുറവു വന്ന തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്. കൂടാതെ തുടർന്നുള്ള വർഷങ്ങളിലെ നികുതി പുതുക്കി ക്രമീകരിക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നം- 5തീയ്യതി 27-12-2019). 2013-14-മുതൽ കുറഞ്ഞ നിരക്കിലാണ് നികുതി ഈടാക്കി വരുന്നത്. ഈ കാലയളവിൽ നികുതിയിനത്തിൽ കുറവ് വന്ന തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2018-19 | 10-07-2019 മുതൽ 11-07-2019 വരെ | കെ.എസ്.എ-കെ.എസ്.ഡി-3/392/2019. തീയ്യതി 25-07-2019. |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1,50,000 | 1,50,000 | 52/18-19 മാനസിക വൈകല്യമുള്ളവർക്കുള്ള | 1,50,000 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | സ്കോളർഷിപ്പ് | | |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 10,02,861 | 10,02,861 | 70/18-19 ലൈഫ്ഭവന പദ്ധതി | 10,02,861 | 0 |
| 3 | ബ്ലോക്ക് പഞ്ചായത്ത്" | 2018-19 | 2,00,000 | 2,00,000 | 62/18-19 , പാൽവില സബ്സിഡി | 2,00,000 | 0 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 44,750 | 46,750 | 58/18-19 , നെൽ കൃഷി കൂലിചെലവ് സബ്സിഡി | 26,877 | 19,873 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 50,000 | 50,000 | 69/18-19സാന്ത്വന പരിചരണം | 35,200 | 14,800 |
| 6 | ജില്ലാ പഞ്ചായത്ത് | 2018-19 | 1226205 | 1226205 | 70/18-19 ലൈഫ്ഭവന പദ്ധതി | 1226205 | 0 |
| 7 | ജില്ലാ പഞ്ചായത്ത് | 2018-19 | 50000 | 50000 | 62/18-19 , പാൽവില സബ്സിഡി | 50000 | 0 |
| 8 | ജില്ലാ പഞ്ചായത്ത് | 2018-19 | 44750 | 44750 | 58/18-19 , നെൽ കൃഷി കൂലിചെലവ് സബ്സിഡി | 26877 | 19873 |
| 9 | ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | 200000 | 69/18-19സാന്ത്വന പരിചരണം | 199960 | 40 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | തൃക്കരിപ്പൂർ ഇലക്ട്രിക്കൽ സെക്ഷന് കീഴിലുള്ള 2,3,4,5,6 വാർഡുകളിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ | 5/16.6.18(343851രൂപ), 14/29.9.18(43459രൂപ), 30/18.12.18(588242രൂപ) | 975552/- | 0 | 975552/ |
| KSEB | 11/19 പടന്ന ഇലക്ട്രിക്കൽ സെക്ഷന് കീഴിലുള്ള 1,7,8,9,10,11,12,13 വാർഡുകളിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ | 24/21.11.18 | 1130700 | 1130700 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

## ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

വായ്പാ ഇനത്തിൽ ലഭിച്ച തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ്നമ്പർ/ തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവനപദ്ധതി ലോൺ | 423/2010 LSGD dt 09/02/2010 | 74,20,250/- | 8,92,753/- | 4,50,153 | 0 | 4,42,600 |
| ലൈഫ് മിഷൻ | GO(MS) 68/18 തീയതി 18/05/2018, GO(MS) 100/18 തീയതി 30/07/18, GO(MS) 110/18 തീയതി 13/08/2018 | 80,92,413 | 0 | 0 | 0 | 80,92,413 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷം | 2018-19 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 0 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 0 |

## 4-7 ഓഡിറ്റ് റിക്കവറി ഇനത്തിൽ 2018-19 വർഷത്തിൽ ലഭിച്ച തുകയുടെ വിവരങ്ങൾ

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേരും | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 1980-81 | 7(a) | 60 പൈസ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 118080100341 dt 05.06.2018 |
| " | 7(b) | 30 പൈസ | " | 118080100341 dt 05.06.2018 |
| " | 9(a) | 6/- | " | 118080100343 dt 05.06.2018 |
| " | 11 | 169/- | " | 118080100345 dt 05.06.2018 |
| " | 13(a) | 10/- | " | 118080100346 dt 05.06.2018 |
| " | 22(a) | 313/- | " | 118080100348 dt 05.06.2018 |
| " | 22(b) | 57/- | " | 118080100349 dt 05.06.2018 |
| 1981-82 | 7(a) | 7/- | " | 118080100512 dt 03.07.2018 |
| " | 7(b) | 5/- | " | 118080100513 dt 03.07.2018 |
| " | 9(b) | 60/- | " | 118080100514 dt 03.07.2018 |
| " | 9(c) | 36/- | " | 118080100516 dt 03.07.2018 |
| " | 11(d) | 88/- | " | 118080100517 dt 03.07.2018 |
| " | 15 | 847/- | " | 118080100518 dt 03.07.2018 |
| " | 16 | 8/- | " | 118080100519 dt 03.07.2018 |
| " | 17 | 16/- | " | 118080100520 dt 03.07.2018 |
| " | 26(b) | 21/- | " | 118080100522 dt 03.07.2018 |
| " | 28(i) | 40/- | " | 118080100523 dt 03.07.2018 |
| 1982-83 | 8(a) | 7/- | " | 118080100391 dt 03.12.2018 |
| " | 8(b) | 5/- | " | 118080100392 dt |

| | | | | |
|---|---|---|---|---|
| | | | | 03.12.2018 |
| “ | 9(c)1 | 12/- | “ | 118080100393 dt 03.12.2018 |
| “ | 12(b) | 10/- | “ | 118080100394 dt 03.12.2018 |
| “ | 18(a) | 25/- | “ | 118080100395 dt 03.12.2018 |
| “ | 18(b) | 130/- | “ | 118080100397 dt 03.12.2018 |
| 1983-84 | 8(a) | 68/- | “ | 118080100398 dt 03.12.2018 |
| 1984-85 | 10 | 3/- | “ | 118080100487 dt 05.12.2018 |
| “ | 14(2) | 28/- | “ | 118080100488 dt 05.12.2018 |
| “ | 15(a) | 93/- | “ | 118080100489 dt 05.12.2018 |
| “ | 15(b) | 78/- | “ | 118080100490 dt 05.12.2018 |
| “ | 16(a) | 96/- | “ | 118080100491 dt 05.12.2018 |
| “ | 16(b) | 50/- | “ | 118080100492 dt 05.12.2018 |
| 1985-86 | 13 | 6/ | “ | 118080100623 dt 22.12.2018 |
| “ | 14 | 20/- | “ | 118080100624 dt 22.12.2018 |
| “ | 15 | 6/- | “ | 118080100625 dt 22.12.2018 |
| “ | 16 | 275/- | “ | 118080100626 dt 22.12.2018 |
| ആകെ | | 2595.90 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | |
|---|---|---|---|---|---|
| 1999-00 | 16 | 2005-06 | 2.95.1 | K.S.E.B,K.W.A. എന്നിവടങ്ങളിൽ തുക നിക്ഷേപിച്ചത് – പ്രവൃത്തി പൂർത്തീകരിച്ചില്ല | ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി നിയമസഭാ സമിതിക്ക് സമർപ്പിച്ചിട്ടുണ്ട്. നിയമസഭാ സമിതി (2016-19) പരിഗണനയിൽ, |
| 1998-99 | 11 | 2005-06 | 2.95.2 | നടപ്പാലം നിർമ്മാണം- മുൻകൂർനല്കി അവസാനിപ്പിച്ചു. | ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി നിയമസഭാ സമിതിക്ക് സമർപ്പിച്ചിട്ടുണ്ട്. നിയമസഭാ സമിതി (2016-19)പരിഗണനയിൽ, |
| 2014-15 | 2.1 | 2016-17 | തൊഴിൽനികുതി അനുബന്ധം.4 | തൊഴിൽ നികുതി ഈടാക്കാത്തത് | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2015-16 | 2.5 | 2016-17 | തൊഴിൽനികുതി അനുബന്ധം.5 | തൊഴിൽ നികുതി ഈടാക്കാത്തത് | മറുപടി സമർപ്പിച്ചിട്ടുണ്ട് |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല.

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,27,10,051 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,06,59,278 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,11,582 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 28,23,148/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|---|
| | | | |

| നമ്പർ | ചാർജ് ചെയ്യാവുന്നവ(രൂപ) | സർചാർജ് ചെയ്യാവുന്നവ(രൂപ) | ഉദ്യോഗപ്പേരും |
|---|---|---|---|
| 2(1) | 8,247 | -- | അനിൽ കുമാർ എൻ എം, സെക്രട്ടറി |
| 2(2) | 1,03,335 | -- | അനിൽ കുമാർ എൻ എം, സെക്രട്ടറി |
| ആകെ | 1,11,582 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16(A) | 9,75,552 | രാഹുൽ രാമചന്ദ്രൻ, സെക്രട്ടറി (3,43,851 രൂപ)<br>അനിൽ കുമാർ എൻ എം, സെക്രട്ടറി (43,459+5,88,242) |
| 1-16(B) | 1,22,460 | അനിൽ കുമാർ എൻ എം, സെക്രട്ടറി |
| 1-20 | 1,00,000 | ഗിരിജ കെ വി, ഐ.സി.ഡി. എസ് സൂപ്പർവൈസർ |
| 1-21(I) | 6,99,261 | ഡോ.ധന്യദയാനന്ദൻ, മെഡിക്കൽ ഓഫീസർ-PHC |
| 1-21(III) | 25,875 | ഡോ.ധന്യദയാനന്ദൻ, മെഡിക്കൽ ഓഫീസർ-PHC |
| 1-22 | 7,50,000 | സുലോചന പി, ഹെഡ് മാസ്റ്റർ |
| 1-23 | 1,50,000 | ജിജേഷ് വി ശശീന്ദ്രൻ, വി.ഇ.ഒ |
| ആകെ | 28,23,148 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും, ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗികമേൽവിലാസം | സ്ഥിരം<br>മേൽവിലാസം |
|---|---|---|
| അനിൽകുമാർ<br>എൻ.എം, സെക്രട്ടറി | സെക്രട്ടറി,<br>അജാനൂർ ഗ്രാമ പഞ്ചായത്ത്,<br>കാസർഗോഡ് ജില്ല | നാരായണമംഗലം<br>കാരന്തട്ട് .P.O,<br>രാമന്തളി,670308(PIN)<br>കണ്ണൂർ ജില്ല |
| ജിജേഷ് വി ശശീന്ദ്രൻ<br>, വി.ഇ.ഒ | വി.ഇ.ഒ,<br>പുല്ലൂർപെരിയ ഗ്രാമ പഞ്ചായത്ത് | ആനന്ദഭവനം<br>കൊടക്കാട് .P.O,<br>671310(PIN)<br>കാസർഗോഡ് ജില്ല |

# 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1987-88 to 1990-91 | നം.KSA/KSD9/291/2019(1) തിയ്യതി.30.05.2019 | 2 |
| 1991-92 to 1995-96 | നം.KSA/KSD4/605/05തിയ്യതി2.01.2007 | 1 |
| 1996-97 (Final) | നം.KSA/KSD9/291/2019(3)തിയ്യതി30.05.2019 | 4 |
| 1997-98 plan | നം.LF/KSD. 4/818 /03 / തിയ്യതി 11.05.05 | 2 |
| 1998-99 plan | നം.LF/KSD. 4/819 /03 / തിയ്യതി 10.05.05 | 7 |
| 1996-97 | നം.LF/KSD.4 /611 /05 / തിയ്യതി 19.02.07 | 3 |
| 1997-98 | നം.LF/KSD. 4/177/ 07 / തിയ്യതി.17.08.07 | 21 |
| 1998-99 | നം.LF/KSD. 3/175 /07 / തിയ്യതി 17.08.07 | 4 |
| 1999-2000 | നം.KSA/KSD. 9/291 /2019 (b) തിയ്യതി 30.05.19 | 2 |
| 2000-01 | നം.LF/KSD. 4/ 382/ 11/ തിയ്യതി 12.10.11 | 2 |
| 2001-02 | നം.LF/KSD. 4/93 /03 / തിയ്യതി 12.10.11 | 2 |
| 2002-03 | നം.LF/KSD. 3/107 /09 / തിയ്യതി 25.08.09 | 8 |
| 2003-04 | നം.LF/KSD. 3/108 /09 / തിയ്യതി 27.08.09 | 9 |
| 2004-05 | നം.LF/KSD. 3/ 109/09 / തിയ്യതി 14.09.09 | 17 |
| 2005-06 | നം.LF/KSD. /3 /312 /10 തിയ്യതി 17.09.09 | 12 |
| 2006-07 | നം.LF/KSD.3/ 313/10 / തിയ്യതി 17.09.10 | 5 |
| 2007-08 | നം.LF/KSD. 4/ 400/11 / തിയ്യതി 14.12.11 | 5 |
| 2008-09 | നം.LF/KSD.7/ 234/13 / തിയ്യതി.03.04.13 | 18 |
| 2009-10 | നം.LF/KSD. 7/ 235/13 / തിയ്യതി.03.04.13 | 18 |
| 2010-11, 2011-12 | നം.LF/KSD. 8/663 /15 / തിയ്യതി 14.07.15 | 15 |
| 2012-13, 2013-14 | നം.LF/KSD.8/508 /15 / തിയ്യതി 07.01.16 | 12 |
| 2014-15 | നം.KSA/KSD. 9/796 /16 / തിയ്യതി 29.07.16 | 14 |
| 2015-16 | നം.KSA/KSD. 9/2/17 / തിയ്യതി 05.01.17 | 15 |
| 2016-17 | നം.KSA/KSD.9/682/2017തിയ്യതി:22.06.2017 | 15 |
| 2017-18 | നം.KSA/KSD.9/083/2019തിയ്യതി:29.01.2019 | 14 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

നം: കെ.എസ്.എ/കെ.എസ്.ഡി.9/40/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് - 671123.

ഇ-മെയിൽ : doksd.ksad@kerala.gov.in

ഫോൺ : 0499 4256690.

തീയ്യതി: ----01-2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും / 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ്/ നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ **വലിയപറമ്പ ഗ്രാമ പഞ്ചായത്തിന്റെ 31.03.2019** -ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ **വലിയപറമ്പ ഗ്രാമ പഞ്ചായത്തിന്റെ** 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം-2 ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ്

| Valiyaparamba Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 1304918.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 155286.00 |
| | | | |

| | | | |
|---|---|---|---|
| 140000000 | Fee & User Charges | I-4(b) | 155520.00 |
| 150000000 | Sale & Hire Charges | I-5(b) | 47590.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 74202561.00 |
| 171000000 | Interest Earned | I-8 | 99567.00 |
| 180000000 | Other Income | I-9 | 150708.00 |
| | **Total Income** | | **76116150.00** |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 6921486.00 |
| 220000000 | Administrative Expenses | I-11(b) | 498216.00 |
| 230000000 | Operations & Maintenance | I-12(b) | 880959.00 |
| 240000000 | Interest & Finance Charges | I-13 | 1598.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2640362.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 41446315.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 458283.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 852042.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 21897280.00 |
| 255000000 | Maintenance Projects | I-14(e) | 2072362.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 17250.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 35000.00 |
| 272000000 | Depreciation | I-17(a) | 3158753.00 |
| | **Total Expenditure** | | **80879906.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-4763756.00** |
| 280000000 | Prior Period Item | I-18 | 441713.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-5205469.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-3 റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Valiyaparamba Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 2842334.00 |
| Cash | Cash | RP-40(a) | 14401.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 403540.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 130570.00 |
| 150000000 | Sale & Hire Charges | RP-5 | 41340.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 24074127.00 |
| 171000000 | Interest Earned | RP-9 | 99567.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7286034.00 |
| 350000000 | Other Liabilities | RP-36 | 99706.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 150.00 |
| 330000000 | Secured Loans | RP-32 | 8092413.00 |
| 340000000 | Deposits Received | RP-34 | 47849.00 |
| 350000000 | Other Liabilities | RP-36 | 63952.00 |
| 410000000 | Fixed Assets | RP-38 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 2352803.00 |
| 460000000 | Loans, Advances and Deposits | RP-47 | 18000.00 |
| | **Grand total** | | **45566786.00** |
| | PAYMENTS | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2483096.00 |
| 220000000 | Administrative Expenses | RP-12 | 498216.00 |
| 230000000 | Operations & Maintenance | RP-13 | 860256.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 1943408.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 18086797.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 458283.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 852042.00 |

# അനുബന്ധം-4 ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| Valiyaparamba Grama Panchayat BALANCE SHEET | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -10323792.49 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 38849095.00 |
| | **Total Reserve & Surplus** | | **28525302.51** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5083904.00 |
| | **Total Grants, Contributions for Specific Purposes** | | **5083904.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 8535013.00 |
| | **Total Loans** | | **8535013.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 558620.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 661410.00 |
| | **Total Current Liabilities and Provisions** | | **1220030.00** |
| | TOTAL LIABILITIES | | **43364249.51** |
| | ASSETS | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 48239671.00 |
| 411000000 | Accumulated Depreciation | B-11 | -11238575.00 |
| 412000000 | Capital Work in Progress | B-11(a) | 413395.00 |
| | **Total Fixed Assets** | | **37414491.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 47525.51 |
| 440000000 | Pre-paid Expenses | B-16 | 442600.00 |
| 450000000 | Cash and Bank Balance | B-17 | 4907508.00 |
| 460000000 | Loans, Advances and Deposits | B-18 | 552125.00 |

| | | |
|---|---|---|
| | Total Current Assets, Loans and Advances | 5949758.51 |

| | |
|---|---|
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 43364249.51 |